**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3454** **02-03-2023 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി കൃഷി വിപുലീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറി വില നിയന്ത്രിക്കുന്നതിന് വകുപ്പിന്റെ കീഴിൽ ഏതൊക്കെ സർക്കാർ ഏജൻസികളാണ് പ്രവൃത്തിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | ഉപഭോക്താക്കൾക്ക് ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണി ഇടപെടൽ പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി എഫ് പി സി കെയും സഹകരിച്ച് വരുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്.<br><br>ഹോർട്ടീകോർപ്പ് , വി.എഫ്.പി.സി.കെ. എന്നിവ കൂടാതെ കൃഷി വകുപ്പ്, വിവിധ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ മുഖേന അതാതു ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർ നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി FPO കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVY പദ്ധതി പ്രകാരം എസ് എഫ് എ സി മുഖേന 41 FPO കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 FPO കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വി എഫ് പി സി കെ മുഖേന 41 FPO കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ "10000 FPO കൾ" പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 38 FPO കളും 2021-22 വർഷത്തിൽ 36 FPO കളും |

| | | | |
|---|---|---|---|
| | | | 2022-23 വർഷത്തിൽ 2 FPO കളും സംസ്ഥാനത്ത രജിസ്റ്റർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വീട്ടുകളിലും നാനോ കൃഷിയിടങ്ങളിലും കൃഷി ചെയ്യുന്ന വിളകൾ സംഭരിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വീട്ടുകളിലും നാനോ കൃഷിയിടങ്ങളിലും കൃഷി ചെയ്യുന്ന വിളകൾ സംഭരിക്കുന്നതിന് 'ഞങ്ങളും കൃഷിയിലേയ്ക്ക് ' പദ്ധതിയുടെ ഭാഗമായി രൂപംകൊണ്ട് വരുന്ന കൃഷിക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതാണ്. |
| (സി) | എങ്കിൽ പ്രാദേശിക തലത്തിൽ പച്ചക്കറി കൃഷി വിപുലീകരിക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | പ്രാദേശിക തലത്തിൽ പച്ചക്കറി കൃഷി വിപുലീകരിക്കുന്നതിനായും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനായും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്".<br><br>“ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയിലൂടെ ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കർഷക ദിനമായ ചിങ്ങം 1 (2022 ഓഗസ്റ്റ് 17) ന് 1,02,314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിയ്ക്ക് തുടക്കം കുറിച്ചു.. സംസ്ഥാനത്തൊട്ടാകെ നെല്ല്, വിവിധ ഇനം പച്ചക്കറി ഇനങ്ങൾ, തെങ്ങ്, വാഴ, കവുങ്ങ്, കിഴങ്ങ് വർഗ്ഗങ്ങൾ, തുടങ്ങി മറ്റ് വിളകൾ ഉൾപ്പെടെ 78,312 ഹെക്ടർ സ്ഥലത്ത് ഇത് മൂലം കൃഷി വ്യാപിപ്പിക്കുവാൻ സാധ്യമായിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കാർഷിക സ്വയം പര്യാപ്തതയിലേക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ 25,887 കൃഷിക്കൂട്ടങ്ങൾ (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം) ഉല്പാദന-സേവന-മൂല്യവർദ്ധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുവാനും 1,36,344 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കുവാനും സാധ്യമായിട്ടുണ്ട്. ഇവയിൽ 15,249 കൃഷിക്കൂട്ടങ്ങൾ കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ബാക്കിയുള്ളവയുടെ രജിസ്ട്രേഷൻ നടപടി പൂർത്തിയായി വരുന്നു.<br><br>സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "**ഞങ്ങളും കൃഷിയിലേക്ക്**" എന്ന ക്യാമ്പേയിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും |

ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് വരുന്ന 'ഞങ്ങളും കൃഷിയിലേക്ക് ' എന്ന ക്യാമ്പേയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രധാന ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം:</u>**

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, സൗജന്യമായി വിതരണം ചെയ്യുന്നു. ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി സ്വന്തം വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് "ഓണത്തിന് ഒരു മുറം പച്ചക്കറി". പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തു വരുന്നു.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന്

2000/- രൂപ എന്ന നിരക്കിൽ സബ്സ്ഡി നൽകുന്നു.

**സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി:**

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/ സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് ധനസഹായം നൽകി വരുന്നു.

**വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി:**

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1. 25 ലക്ഷം രൂപ വരെ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെയും ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകി വരുന്നു. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകി വരുന്നു.

**പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം:**

വേനൽകാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി, കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | കൂടാതെ പമ്പ്സെറ്റും മറ്റു അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000/- രൂപ വരെ ധനസഹായം നൽകുന്നു. പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു.<br><br>2023-24 സാമ്പത്തിക വർഷത്തിൽ മേൽപ്പറഞ്ഞ പദ്ധതി ഘടകങ്ങൾക്ക് പുറമേ ഹൈബ്രിഡ് വിത്തുകളും അത്യുല്പാദനശേഷിയുള്ള വിത്തുകളും തൈകളും വിതരണം ചെയ്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കൽ, തുറന്ന സ്ഥലത്തെ കൃത്യത കൃഷി (ഓപ്പൺ പ്രിസിഷൻ ഫാമിംഗ്) പ്രോത്സാഹനം എന്നീ പദ്ധതി ഘടകങ്ങൾ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ